2026
SEPTEMBER
30
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# അമേരിക്കയിലെ ഏറ്റവും വലിയ ഉരുക്ക് പ്ലാന്റ് നിർമ്മിക്കാൻ ഇന്ത്യയുടെ എസ്സാർ ഗ്രൂപ്പ്

**വാഷിംഗ്ടൺ:** അയോവയിൽ 'മേരിക്കയിലെ ഏറ്റവും വലിയ ഉരുക്ക് പ്ലാന്റ് നിർമ്മിക്കാൻ ഇന്ത്യയുടെ എസ്സാറും 1800 കോടി ഡോളർ നിക്ഷേപിക്കുന്നു: ഡൊണാൾഡ് ട്രംപ് ആണ് ഇക്കാര്യം പ്രഖ്യാപിച്ചത്.

പ്രതിവർഷം 10 ദശലക്ഷം ടൺ ഉൽപ്പാദനശേഷിയും ആയിരക്കണക്കിന് തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള, അയോവയിലെ 18 ബില്യൺ ഡോളർ മൂല്യമുള്ള എസ്സാർ ഗ്രൂപ്പിന്റെ ഉരുക്ക് പ്ലാന്റ് പദ്ധതിയെക്കുറിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു.

വാഷിംഗ്ടൺ: അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ ഉരുക്ക് പ്ലാന്റ് അയോവയിൽ നിർമ്മിക്കുന്നതിനായി, ഇന്ത്യൻ ബഹുരാഷ്ട്ര കമ്പനിയായ എസ്സാർ ഗ്രൂപ്പ് തങ്ങളുടെ ഉപസ്ഥാപനമായ 'മസാബി മെറ്റാലിക്സ്' വഴി 18 ബില്യൺ ഡോളർ നിക്ഷേപിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു.

വൈറ്റ് ഹൗസിലെ ഓവൽ ഓഫീസിൽ നടത്തിയ പ്രഖ്യാപനത്തിൽ, പ്രതിവർഷം 10 ദശലക്ഷം ടൺ ഉരുക്ക് ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ഈ പ്ലാന്റിനെക്കുറിച്ച് പ്രഖ്യാപിക്കുന്നതിൽ തനിക്ക് അതിയായ സന്തോഷമുണ്ടെന്ന് ട്രംപ് പറഞ്ഞു. ഇന്ത്യയുടെ വാർഷിക ഉൽപ്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ചെറിയൊരു അളവാണെങ്കിലും, അമേരിക്കയിലെ ഏറ്റവും വലിയ ഒറ്റസ്ഥല മില്ലുകളിൽ ഒന്നായി ഇത് മാറും.യുഎസ് വ്യാവസായിക മേഖലയിലെ സുപ്രധാന നേട്ടമായയാണ് ട്രംപ് ഈ നിക്ഷേപത്തെ വിശേഷിപ്പിച്ചത്.

അയോവ സംസ്ഥാനത്ത് അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ ഉരുക്ക് പ്ലാന്റ് മെസാബി മെറ്റാലിക്സ് നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഇതൊരു വലിയ പ്ലാന്റാണ്, ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്ലാന്റുകളിൽ ഒന്ന്; എന്നാൽ അമേരിക്കയിലെ ഏറ്റവും വലിയ പ്ലാന്റ് തീർച്ചയായും ഇതായിരിക്കും,' ട്രംപ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ന്യൂയോർക്ക്, ബോസ്റ്റൺ, കാലിഫോർണിയ എന്നിവിടങ്ങളിൽ പഠിക്കുന്നതിന് മുമ്പ് ഇന്ത്യയിലാണ് ജനിച്ചതെന്ന് ഉടമകളിലൊരാളായ രേവന്ത് റൂയിയ ചടങ്ങിൽ പറഞ്ഞു. തന്റെ ജീവിതത്തിന്റെ പകുതിയും അമേരിക്കയിലാണ് ചെലവഴിച്ചതെന്നും ഈ നിക്ഷേപം 'യഥാർത്ഥത്തിൽ സ്വന്തം നാട്ടിലേക്കുള്ള മടങ്ങിവരവ്' പോലെയാണെന്നും അദ്ദേഹം പറഞ്ഞു. മിനസോട്ടയിലെ പുതിയ ഇരുമ്പയിര് ഖനിയിൽ തന്റെ കുടുംബം 3 ബില്യൺ ഡോളർ നിക്ഷേപിക്കും. പതിറ്റാണ്ടുകൾക്ക് മുമ്പ് 'നിർമ്മാതാക്കൾ' എന്ന നിലയിൽ ഒരു കുടുംബ ബിസിനസ്സായാണ് താനും സഹോദരനും ചേർന്ന് ഈ ഗ്രൂപ്പ് സ്ഥാപിച്ചതെന്ന് എസ്സാറിലെ രവി റൂയിയ പറഞ്ഞു. ഉരുക്ക് പ്ലാന്റുകൾ, എണ്ണ ശുദ്ധീകരണശാലകൾ, വൈദ്യുതി നിലയങ്ങൾ എന്നിവ തങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു,

പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ, മിനസോട്ടയിലെ കമ്പനിയുടെ ഇരുമ്പയിര് ഖനിയിൽ നിന്ന് അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് പ്രതിവർഷം 10 ദശലക്ഷം ടൺ ഉരുക്ക് ഉൽപ്പാദിപ്പിക്കാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.




# റെനോ ട്രൈബർ 100പിഎസ് വിപണിയിൽ

**കൊച്ചി:** റെനോ ഇന്ത്യയുടെ ജനപ്രിയ 7സീറ്റർ വാഹനമായ ട്രൈബറിന്റെ പുതിയ മോഡൽ ട്രൈബർ 100പിഎസ് വിപണിയിൽ അവതരിപ്പിച്ചു. മികച്ച പ്രകടനവും ഉയർന്ന ഇന്ധനക്ഷമതയും കുറഞ്ഞ നിരക്കും ഒരുമിച്ച് ചേരുന്ന പുതിയ മോഡലിന് 7.84 ലക്ഷം രൂപ മുതലാണ് എക്സ്ഷോറൂം വില ആരംഭിക്കുന്നത്. ഇവല്യൂഷൻ, ടെക്നോ, ഇമോഷൻ എന്നീ മൂന്ന് വേരിയന്റുകളിലാണ് വാഹനം ലഭ്യമാകുക. ഇതിൽ ഏറ്റവും ഉയർന്ന വകഭേദത്തിന് 8.99 ലക്ഷം രൂപയാണ് എക്സ്ഷോറൂം വില.

100 പിഎസ് കരുത്തും ഈ ശ്രേണിയിലെ ഏറ്റവും മികച്ച 180 എൻഎം ടോർക്കും ഉത്പാദിപ്പിക്കുന്ന പുതിയ ടർബോ ടിസിഇ 100 പവർട്രെയിനാണ് പുതിയ മോഡലിന്റെ ഏറ്റവും വലിയ സവിശേഷത. മികച്ച പ്രകടനത്തിനൊപ്പം തന്നെ ലിറ്ററിന് 21 കിലോമീറ്റർ സർട്ടിഫൈഡ് മൈലേജ് നൽകാൻ ഈ പുതിയ മോഡലിന് സാധിക്കുമെന്ന് കമ്പനി വ്യക്തമാക്കുന്നു.

റെനോ ഗ്രൂപ്പിന്റെ പുതിയ എൻട്രി പ്ലാറ്റ്ഫോമിൽ നിർമ്മിച്ച ഇന്ത്യയിലെ ആദ്യത്തെ വാഹനമാണിത്. മികച്ച പ്രകടനത്തിനായി പുതിയ റെനോ എഞ്ചിൻ മാനേജ്മെന്റ് സിസ്റ്റം, പരിഷ്കരിച്ച സസ്പെൻഷൻ, എംടിവി ഡാംപർ സാങ്കേതികവിദ്യ, മെച്ചപ്പെടുത്തിയ ബ്രേക്കിംഗ് സിസ്റ്റം എന്നിവ വാഹനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൃത്യമായ തെർമൽ മാനേജ്മെന്റിനായി ഹൈബ്രിഡ് വാഹനങ്ങളിൽ കണ്ടുവരുന്ന ബിഎൽഡിസി കൂളിംഗ് ഫാനും ഇതിൽ നൽകിയിട്ടുണ്ട്.

പഴയ മോഡലിലേതുപോലെ 5, 6, 7 സീറ്റുകളായി എളുപ്പത്തിൽ മാറ്റാവുന്ന ഫ്ലെക്സിബിൾ സീറ്റിംഗ് സംവിധാനം പുതിയ വാഹനത്തിലും നിലനിർത്തിയിട്ടുണ്ട്. 5 സീറ്റുകൾ ഉപയോഗിക്കുമ്പോൾ 625 ലിറ്ററാണ് ഇതിന്റെ ബൂട്ട് സ്പേസ്. 182 മില്ലീമീറ്റർ ഗ്രൗണ്ട് ക്ലിയറൻസും 50 കിലോഗ്രാം ഭാരം വരെ വഹിക്കാൻ ശേഷിയുള്ള റൂഫ് റെയിലുകളും വാഹനത്തിൽ നൽകിയിട്ടുണ്ട്.

8 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, വയർലെസ് ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ, ഡിജിറ്റൽ എൽഇഡി ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ തുടങ്ങിയ മികച്ച സവിശേഷതകൾ വാഹനത്തിലുണ്ട്. യാത്രക്കാരുടെ സൗകര്യത്തിനായി രണ്ടും മൂന്നും നിരകളിൽ പ്രത്യേകം എസി വെന്റുകളോട് കൂടിയ ഇൻഡിപെൻഡന്റ് റിയർ എസി നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഓട്ടോമാറ്റിക് എസി, വയർലെസ് ചാർജർ, ക്രൂയിസ് കൺട്രോൾ, റെയിൻ സെൻസിംഗ് വൈപ്പറുകൾ എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആറ് എയർബാഗുകളും മറ്റ് 21 സുരക്ഷാ ഫീച്ചറുകളും ട്രൈബർ 100പിഎസ്ന്റെ എല്ലാ വേരിയന്റുകളിലും സ്റ്റാൻഡേർഡായി നൽകുന്നുണ്ട്. മുൻവശത്തെ പാർക്കിംഗ് സെൻസറുകൾ, ഗൈഡ്ലൈനുകളോട് കൂടിയ റിയർ ക്യാമറ, ടയർ പ്രഷർ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സുരക്ഷയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.




# ഒക്ടോബറിൽ സിമന്റ് വില ഉയർന്നേക്കും

**ന്യൂഡൽഹി:** ഒക്ടോബറിൽ മിക്ക വിപണികളിലും സിമൻറ് കമ്പനികൾ ഒരു ചാക്കിന് 5 മുതൽ 20 രൂപ വരെ വില വർധിപ്പിക്കാൻ സാധ്യത. എന്നാൽ, ഈ വില വർധന ആവശ്യകതയെയും ഉയർന്ന വില അംഗീകരിക്കാൻ ഡീലർമാർ തയാറാകുന്നതിനെയും ആശ്രയിച്ചിരിക്കുമെന്ന് സെൻട്രം ബ്രോക്കിംഗിന്റെ റിപ്പോർട്ട്.

കഴിഞ്ഞ കുറച്ചു ആഴ്ചകളായി ഇന്ധനവില കുത്തനെ ഉയർന്ന സാഹചര്യത്തിൽ, സിമൻറ് കമ്പനികൾക്ക് ഈ വില വർധന നടപ്പിലാക്കാനും അതു നിലനിർത്താനും സാധിക്കുമോ എന്നത് വരുംദിവസങ്ങളിൽ പ്രധാനമായി തീരാമെന്ന് സെൻട്രം ചൂണ്ടിക്കാട്ടി. വിലയിലുണ്ടാകുന്ന ഏതൊരു മാറ്റവും വിപണിയിലെ ആവശ്യകതയുമായി ബന്ധപ്പെട്ടിരിക്കാനാണ് സാധ്യത.ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ മാറ്റമില്ലാതെ തുടർന്ന സിമൻറ് വില സെപ്റ്റംബറിൽ വർധിച്ച പശ്ചാത്തലത്തിലാണ് ഈ വിലയിരുത്തൽ. സെപ്റ്റംബറിൽ അഖിലേന്ത്യാ ശരാശരി റീട്ടെയിൽ വില മുൻ മാസത്തെ അപേക്ഷിച്ച് ചാക്കൊന്നിന് 7 രൂപ വർധിച്ച് 356 രൂപയായി.

സെപ്റ്റംബർ മാസത്തിൽ ട്രേഡ്, നോൺട്രേഡ് മേഖലകളിൽ ഒരുപോലെ സിമൻറ് വിലയിൽ വർധനവുണ്ടായതായി സെൻട്രം വ്യക്തമാക്കി. കൂടുതൽ വിപണികളിലും നോൺട്രേഡ് മേഖലയിലാണ് ഉയർന്ന വിലവർധന പ്രകടമായത്.എന്നിരുന്നാലും, സാമ്പത്തിക പാദത്തിന്റെ അവസാനത്തിൽ വിൽപന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഡീലർമാർ പഴയ വിലയിൽത്തന്നെ വിൽപ്പന തുടർന്നതിനാൽ കമ്പനികളുടെ ഉയർന്ന ബില്ലിംഗ് നിരക്കുകൾ പല വിപണികളിലും ഉപഭോക്താക്കളിലേക്ക് പൂർണമായി എത്തിയിട്ടില്ലെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

2027 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ സിമന്റിന്റെ ആവശ്യകതയിലുണ്ടായ കുറവ് സാധാരണ ഉണ്ടാകാറുള്ള സീസണൽ മന്ദഗതിയേക്കാൾ കുറവായിരുന്നുവെന്നും പാദത്തിൻറെ അവസാനത്തോടെ പല വിപണികളിലും നിർമാണപ്രവർത്തനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെന്നും സെൻട്രം വ്യക്തമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഒക്ടോബറിലും കൂടുതൽ വില വർധനവിനുള്ള ശ്രമങ്ങൾ കമ്പനികളുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത്. എങ്കിലും, നിർമാണ മേഖലയിലെ സജീവത അനുസരിച്ചായിരിക്കും ഇത്.



# വിദ്യാർത്ഥികളിലൂടെ പുതിയ ഉപഭോക്തൃ സംസ്കാരം സൃഷ്ടിച്ചെടുക്കുക ലക്ഷ്യം: മന്ത്രി അനൂപ് ജേക്കബ്

**തിരുവനന്തപുരം:** വിദ്യാർത്ഥികളിലൂടെ പുതിയൊരു ഉപഭോക്തൃ സംസ്കാരം സൃഷ്ടിച്ചെടുക്കാൻ കഴിയുമെന്ന് ഭക്ഷ്യപൊതുവിതരണ, ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. ലോക ഹരിത ഉപഭോക്തൃ ദിനാചരണത്തിന്റെയും സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ പുതിയതായി 1000 കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരണ പ്രഖ്യാപനത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം പട്ടം ലീഗൽ മെട്രോളജി ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതുതായി 1000 സ്കൂൾ കൺസ്യൂമർ ക്ലബ്ബ് എന്നത് തുടക്കത്തിൽ തന്നെ 1100ലധികം എന്ന നേട്ടത്തിലേക്കെത്തിയത് അഭിമാനകരമാണെന്ന് മന്ത്രി പറഞ്ഞു.

ഉപഭോക്താക്കളുടെ അവകാശങ്ങളേയും ഉപഭോക്തൃ നിയമങ്ങളെയും കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാൻ കൺസ്യൂമർ ക്ലബ്ബ് വഴി സാധിക്കും. ഉപഭോക്താവിന്റെ അവകാശങ്ങളെ കുറിച്ച് സമൂഹത്തിൽ ക്രിയാത്മക ഇടപെടലാണ് കൺസ്യൂമർ ക്ലബുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഉപഭോക്തൃ നിയമങ്ങൾ, അവകാശങ്ങൾ എന്നിവയിൽ നിയമപരമായ ബോധവത്ക്കരണവും പരിരക്ഷയും പൊതുജനങ്ങളിൽ ഉറപ്പാക്കണം. ഇതിന്റെ ഭാഗമായാണ് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ഉപഭോക്തൃ സംസ്കാരം പരിസ്ഥിതി സൗഹാർദമാകണം. പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ വരും തലമുറകൾക്കും അവ ആവശ്യമാണെന്ന ചിന്ത എല്ലാവരിലുമുണ്ടാകണം. ഉപഭോക്താവിന്റെ അവകാശങ്ങളെ സംരക്ഷിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും ഇക്കാര്യത്തിൽ വകുപ്പ് നിരന്തര ജാഗ്രത പുലർത്തണമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ 1000 സ്കൂൾ കൺസ്യൂമർ ക്ലബുകളുടെ രൂപീകരണ പ്രഖ്യാപന പത്രിക മന്ത്രി പ്രദർശിപ്പിച്ചു. പരിപാടിയുടെ ഭാഗമായി ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങളും അദ്ദേഹം വിതരണം ചെയ്തു.

പരിസ്ഥിതി സംരക്ഷണം, ഉപഭോക്തൃ സംരക്ഷണം, സുസ്ഥിര ഉപഭോഗം എന്നിവ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും വിദ്യാർഥികളിലും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോക ഹരിത ഉപഭോക്തൃ ദിനാചരണം സംഘടിപ്പിച്ചത്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, മാലിന്യ നിർമാർജനം ഉറപ്പാക്കുക, പുനരുപയോഗവും പുനഃചംക്രമണവും പ്രോത്സാഹിപ്പിക്കുക, ഊർജജല വിഭവങ്ങൾ സംരക്ഷിക്കുക, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുക്കുക തുടങ്ങിയ ഹരിത ഉപഭോഗ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

ചടങ്ങിൽ ഭക്ഷ്യപൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് അധ്യക്ഷത വഹിച്ചു. വിവേകമുള്ള ഉപഭോക്താവ് ,പ്രകൃതിയുടെ സംരക്ഷകൻ' എന്ന വിഷയത്തിൽ ഭൗമ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. വി സുഭാഷ്ചന്ദ്രബോസ് വിഷയാവതരണം നടത്തി. നഗരസഭ മേയർ വി.വി. രാജേഷ്, വാർഡ് കൗൺസിലർ രേഷ്മ സി, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഡോ. ഹരികുമാർ കെ, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി. ബി. ബിനു, ലീഗൽ മെട്രോളജി കൺട്രോളർ രാജേഷ് സാം, പൊതു വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശിവദാസൻ കെ, റേഷനിംഗ് കൺട്രോളർ മോഹനകുമാർ സി.വി തുടങ്ങിയവർ പങ്കെടുത്തു.

# അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസ അന്തരീക്ഷം ലഭ്യമാക്കാൻ നാം പ്രതിജ്ഞാബദ്ധം: മന്ത്രി മോൻസ് ജോസഫ്

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 'മെറിറ്റ് ഡേ 2026' ആഘോഷിച്ചു. മികച്ച വിജയം നേടിയ വിദ്യാർഥികളുടെ അക്കാദമിക മികവിനെയും കഠിനാധ്വാനത്തെയും ആദരിക്കുന്നതിനായി സംഘടിപ്പിച്ച ചടങ്ങ് ജലവിഭവ ഭവനനിർമാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അധ്യക്ഷത വഹിച്ചു.

വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച പുരോഗതി, ലോക സാധ്യതകളെ മുന്നിൽ കണ്ടുകൊണ്ട് മുന്നേറാൻ കേരളത്തിന് കരുത്തായെന്നു മന്ത്രി അഡ്വ. മോൻസ് ജോസഫ് അഭിപ്രായപെട്ടു. സർവകലാശാല ഇത്തരത്തിൽ പ്രതിഭകളെ പൊതുവേദിയിൽ ആദരിക്കുന്നത് അവർക്ക് ഭാവിയിൽ ഉയരങ്ങളിലേക്ക് എത്താൻ പ്രചോദനമാകും. ഒരുകാലത്ത് ദരിദ്ര രാജ്യമായി മുദ്രകുത്തപ്പെട്ട ഭാരതം, ജനശക്തിയും വിജ്ഞാനവുമാണ് തങ്ങളുടെ കരുത്തെന്ന് ഇന്ന് ലോകത്തിന് മുന്നിൽ തെളിയിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ അന്തരീക്ഷവും വിദ്യാർഥികൾ ആഗ്രഹിക്കുന്ന രീതിയിലുള്ള കോഴ്സുകളും ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേവലം ബിരുദം നേടുന്നതിനപ്പുറം സാമൂഹിക പ്രതിബദ്ധതയും നന്മയും കാരുണ്യവുമുള്ള വ്യക്തികളായി വിദ്യാർഥികളെ മാറ്റാൻ വിദ്യാഭ്യാസത്തിന് സാധിക്കണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ ഭാവി നമ്മുടെ അധ്യാപകരുടെ കൈകളിലാണെന്നും, സർവകലാശാലയിൽ നിന്ന് നേടുന്ന അറിവും ബിരുദവും സമൂഹത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്താൻ വിദ്യാർഥികൾ തയ്യാറാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ചടങ്ങിൽ സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, പ്രൊഫ. (ഡോ.) രാജേഷ് കോമത്ത്, ഡോ. ഐസൺ വി. വഞ്ചിപുരക്കൽ, ആൻ സെബാസ്റ്റ്യൻ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഡയറക്ടറും പരീക്ഷാ കൺട്രോളറുടെ അധികചുമതലയുള്ള പ്രൊഫസറുമായ ഡോ. സജ്ന ജലീൽ തുടങ്ങിയവരും സംസാരിച്ചു. പരീക്ഷകളിൽ മികച്ച വിജയം നേടിയ കുട്ടികൾക്ക് ട്രോഫി നൽകി ആദരിച്ചു.

## ഗുണമേന്മയുള്ള ഓൺലൈൻ വിദ്യാഭ്യാസം: ദേശീയ പരിശീലന പരിപാടിയിൽ മഹാത്മാഗാന്ധി സർവകലാശാലയും

**കോട്ടയം:** ഓൺലൈൻ വിദ്യാഭ്യാസം മികവുറ്റതാക്കുന്നതിനായി നടക്കുന്ന ദേശീയതല പരിശീലന പരിപാടിയിൽ മഹാത്മാഗാന്ധി സർവകലാശാലയുടെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷനും പങ്കാളിയാവുന്നു.

നാഷണൻ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലും, ഓപ്പൺ ലേണിങ് പ്രോത്സാഹിപ്പിക്കാനായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്ഥാപനമായ കോമൺവെൽത്ത് ഓഫ് ലേണിംഗും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാം രൂപകൽപ്പന ചെയ്യുന്നതിനാണ് മഹാത്മാഗാന്ധി സർവകലാശാലയെ തിരഞ്ഞെടുത്തിരിക്കുന്നത്.

'ട്രാൻസ്ഫോർമിങ് ഇന്ത്യൻ ഹയർ എജ്യുക്കേഷൻ ത്രൂ ഓൺലൈൻ ലേണിങ്: കപ്പാസിറ്റി ബിൽഡിങ് ഫോർ ഇംപ്രൂവിങ് ക്വാളിറ്റി അഷ്വറൻസ് സിസ്റ്റംസ്' എന്ന പേരിലുള്ള പദ്ധതിയുടെ ലക്ഷ്യം ഓൺലൈൻ വിദ്യാഭ്യാസത്തിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ആഭ്യന്തര സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ഓൺലൈൻ പ്രോഗ്രാമുകളുടെ രൂപകൽപ്പന, വികസനം, നടത്തിപ്പ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ ശേഷി വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്.

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ പ്രൊഫ. (ഡോ.) കെ.കെ. ജോസും പ്രൊഫ. (ഡോ.) സെബാസ്റ്റ്യൻ ജോർജും പരിശീലന പരിപാടികളിൽ പങ്കെടുക്കും. ഇവർ പിന്നീട് സർവകലാശാലയിലെ മറ്റ് അധ്യാപകരെ പരിശീലിപ്പിക്കും.

പദ്ധതിയുടെ ആദ്യ ശിൽപ്പശാല 2026 സെപ്റ്റംബർ 28, 29 തീയതികളിൽ ഗുജറാത്തിലെ അഹമ്മദാബാദിലുള്ള ഡോ. ബാബാസാഹേബ് അംബേദ്കർ ഓപ്പൺ യൂണിവേഴ്സിറ്റിയിലാണ് നടക്കുന്നത്. പൂർണമായ ഒരു ഓൺലൈൻ പ്രോഗ്രാം രൂപകൽപ്പന ചെയ്ത് വികസിപ്പിക്കുന്നതിനായി ഏഴ് മാസം വരെ നീളുന്ന പദ്ധതിയായാണ് വിഭാവനം ചെയ്തിരിക്കുന്നത്.









# നാല് കിലോ ഭാരമുള്ള അപൂർവ്വ കരൾ ട്യൂമർ നീക്കം ചെയ്ത് വി.പി.എസ് ലേക്ഷോർ

**കൊച്ചി:** 24കാരനായ യുവാവിന്റെ കരളിൽ നാല് കിലോഗ്രാം ഭാരമുള്ള കൂറ്റൻ അർബുദ ട്യൂമർ വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ വിദഗ്ധ ശസ്ത്രക്രിയാ സംഘം സങ്കീർണ്ണമായി. ഓപ്പറേഷനിലൂടെ നീക്കം ചെയ്തു. വൈദിക പഠനത്തിന് തയ്യാറെടുക്കുന്ന യുവാവ് കുളിക്കുന്നതിനിടെ വയറിന്റെ വലതുഭാഗത്ത് കണ്ട ചെറിയ തടി നിസ്സാരമായി കരുതിയെങ്കിലും പരിശോധനയിലാണ് ചക്കയോളം വലിപ്പമുള്ള അപൂർവ്വ ട്യൂമറാണെന്ന് തിരിച്ചറിഞ്ഞത്. വി.പി.എസ് ലേക്ഷോറിലെ കോംപ്രഹാൻസിവ് ലിവർ കെയർ ഇൻസ്റ്റിറ്റ്യൂട്ട് ഹെപ്പറ്റോപാങ് ക്രിയാറ്റോബിലിയറി ആൻഡ് ലിവർ ട്രാൻസ്പ്ലാൻറ് സർജറി വിഭാഗം സീനിയർ കോൺസൾട്ടന്റ് ഡോ. ഫദ്ൽ എച്ച്. വീരാൻകുട്ടിയുടെ നേതൃത്വത്തിൽ ഡോ. ജോൺ മണിപ്പാടം, ഡോ. ഷഫീഖ്, ഡോ. അരവിന്ദ് എന്നിവരടങ്ങുന്ന വിദഗ്ദ്ധ സംഘമാണ് അതീവ വെല്ലുവിളി നിറഞ്ഞ ഈ ശസ്ത്രക്രിയ നടത്തിയത്. ആദ്യം വെല്ലൂർ ആശുപത്രിയിൽ പരിശോധന നടത്തിയ രോഗിയുടെ കുടുംബം, ലിവർ കെയറിലെ ഉയർന്ന സൗകര്യങ്ങൾ കണക്കിലെടുത്താണ് തുടർന്നുള്ള ചികിത്സയ്ക്കായി കൊച്ചി വി.പി.എസ് ലേക്ഷോറിലേക്ക് മാറിയത്.

യുവാവിനെ ബാധിച്ചത് ന്യൂറോ എൻഡോക്രൈൻ ട്യൂമർ വിഭാഗത്തിൽപ്പെടുന്ന അർബുദമാണെന്ന് ഡോ. ഫദ്ൽ എച്ച്. വീരാൻകുട്ടി പറഞ്ഞു. ചെറുകുടലിന്റെ മുകൾഭാഗം വെറും നാല് ഗ്രാം വലിപ്പത്തിൽ തുടക്കമിട്ട ട്യൂമർ കരളിലേക്ക് പടരുകയും കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ട് നാല് കിലോഗ്രാമോളം വളരുകയും ചെയ്യും. ട്യൂമർ കരളിലെ പ്രധാന രക്തക്കുഴലുകളെയും മറ്റ് അവയവങ്ങളെയും അമർത്തിക്കൊണ്ട് സ്ഥിതി ചെയ്തതിനാൽ ഏറെ സങ്കീർണ്ണമായിരുന്നെങ്കിലും 'പ്യുവർ ആന്റീരിയർ അപ്രോച്ച്' (പ്യുവർ ആന്റീരിയർ അപ്രോച്ച്) അത്യാധുനിക സാങ്കേതികവിദ്യയിലൂടെ ട്യൂമർ നീക്കം ചെയ്യാൻ സാധിച്ചു. ലേക്ഷോറിൽ നടത്തിയ റേഡിയോ ഐസോട്ടോപ്പ് അധിഷ്ഠിത സ്കാനിംഗിലൂടെയാണ് കുടലിലെ പ്രാഥമിക ട്യൂമർ കണ്ടെത്താനായതെന്ന് കൺസൾട്ടന്റ് ഹെപ്പറ്റോളജിസ്റ്റ് ഡോ. വിഷ്ണു ഗിരീഷ് വ്യക്തമാക്കി. ശസ്ത്രക്രിയയ്ക്ക് സുഖം പ്രാപിച്ച രോഗി ഒരു ആഴ്ചത്തെ ആശുപത്രി വാസത്തിന് ശേഷം വീട്ടിലേക്ക് മടങ്ങി. വ്യക്തമായ ലക്ഷണങ്ങളൊന്നുമില്ലാതെ നിശബ്ദമായി വളരുന്ന ഇത്തരം ട്യൂമറുകളെ തിരിച്ചറിയാൻ വയറ്റിൽ അസാധാരണമായ തടിപ്പോ വീക്കമോ കണ്ടാൽ ഉടൻ തന്നെ കൃത്യമായ ഇമേജിംഗ് പരിശോധനകളും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും തേടണമെന്ന് ഡോക്ടർമാരെ ഓർമ്മിപ്പിച്ചു.



# സൗജന്യ ഡയാലിസിസ് പദ്ധതിയുമായി റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ മിഡ്ടൗൺ

**കൊച്ചി:** സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വൃക്ക രോഗികൾക്ക് ആശ്വാസമേകാൻ റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ മിഡ്ടൗൺ, മുത്തൂറ്റ് ജ്വല്ലറ, കൊച്ചി ലിസി ഹോസ്പിറ്റൽ എന്നിവയുടെ സഹകരണത്തോടെ. സൗജന്യ ഡയാലിസിസ് പദ്ധതിക്ക് തുടക്കമിട്ടു. പദ്ധതിയുടെ ഭാഗമായി സമാഹരിച്ച തുകയുടെ ചെക്ക് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ മിഡ്ടൗൺ പ്രസിഡന്റ് റൊട്ടേറിയൻ ടോണി ജോൺ, ലിസി ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. പോൾ കരേടൻ കൈമാറി. ചടങ്ങിൽ റോട്ടറി മുൻ ഡിസ്ട്രിക്റ്റ് ഗവർണർ പി.ഡി.ജി. റൊട്ടേറിയൻ ബാബു ജോസഫ്, റോട്ടറി ക്ലബ് മുൻ പ്രസിഡന്റുമാരായ റൊട്ടേറിയൻ ഗോപകുമാർ, റൊട്ടേറിയൻ കെ. കെ. ജോർജ്, റൊട്ടേറിയൻ ടി.ടി. തോമസ് എന്നിവർ പങ്കെടുത്തു.

സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം കൃത്യമായ ചികിത്സ ഉറപ്പാക്കാൻ കഴിയാത്തവിധം 30 നിർണ്ണയ പദ്ധതിയിലൂടെ സൗജന്യ ഡയാലിസിസ് ചികിത്സയുടെ പ്രയോജനം നേരിട്ട് ലഭ്യമാകും. തുടർച്ചയായി ഡയാലിസിസിന് വിധേയരാകേണ്ടി വരുന്ന രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും ഭീമമായ ചികിത്സാചെലവിൽ നിന്ന് ആശ്വാസം നൽകുകയും ആധുനിക വൈദ്യശാസ്ത്ര സേവനങ്ങൾ മുടങ്ങാതെ ലഭ്യമാക്കുകയുമാണ് ഈ പദ്ധതിയിലൂടെ. ആരോഗ്യ പരിപാലന മേഖലയിൽ അർഹരായവർക്ക് താങ്ങാവുക എന്ന റോട്ടറിയുടെ സേവന സന്ദേശത്തിന്റെ ഭാഗമായാണ് ഈ ജീവകാരുണ്യ സംരംഭം നടപ്പിലാക്കുന്നത്.

# നിലയ്ക്കൽ പാർക്കിങ്ങിന് വിമാനത്താവള മാതൃകയിൽ ഫാസ്ടാഗ് ഫീസ് രീതി

**പത്തനംതിട്ട:** ശബരിമല തീർഥാടകരുടെ വാഹനങ്ങൾ നിലയ്ക്കലിൽ പാർക്ക് ചെയ്യുന്നതിനുള്ള ഫീസ് ഈടാക്കാൻ വിമാനത്താവളങ്ങളിലേതിനു സമാനമായ സാങ്കേതികവിദ്യ ഉപയോഗിക്കും. വാഹനങ്ങൾ പാർക്കിങ് ഗ്രൗണ്ടിലേക്കു പ്രവേശിക്കുമ്പോൾ കംപ്യൂട്ടർ സംവിധാനത്തിൽ രേഖപ്പെടുത്തുകയും തിരികെ മടങ്ങുമ്പോൾ എത്ര സമയം പാർക്കിങ് ഗ്രൗണ്ടിൽ ചെലവഴിച്ചെന്നു കണക്കാക്കി ഫീസ് വാങ്ങുകയുമാണു ചെയ്യുക. വാഹനം പുറത്തേക്കുള്ള കവാടത്തിലെത്തുമ്പോൾ സമയം കണക്കാക്കി ഫാസ്ടാഗിൽ നിന്നു ഫീസ് ഈടാക്കും.

നിലവിൽ ഗ്രൗണ്ടിലേക്കു വാഹനം പ്രവേശിക്കുമ്പോൾ തന്നെ ഫാസ്ടാഗിൽ നിന്നു നിശ്ചിത തുക ഫീസായി ഈടാക്കുകയാണു ചെയ്യുന്നത്. വാഹനം എത്ര ദിവസം ഗ്രൗണ്ടിൽ ചെലവഴിച്ചാലും കൂടുതൽ പണം നൽകേണ്ടി വരില്ല. പുതിയ സംവിധാനത്തിലേക്കു മാറുന്നതോടെ കൂടുതൽ സമയം ചെലവഴിക്കുമ്പോൾ തുക ഉയരും. വിമാനത്താവളങ്ങളിൽ വാഹനം ചെലവഴിക്കുന്ന സമയത്തിന് അനുസരിച്ചാണു ഫീസ് ഈടാക്കുന്നത്.

നിലയ്ക്കലിൽ പാർക്കിങ്ങിനു നിർമിതബുദ്ധി (എഐ) ക്യാമറ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനൊപ്പമാണു പാർക്കിങ് ഫീസ് പിരിക്കലും പുതിയ രീതിയിലേക്കു മാറുന്നത്. ഓരോ ഗ്രൗണ്ടിലും പാർക്കു ചെയ്തിട്ടുള്ള വാഹനങ്ങൾ കൺട്രോൾ റൂമിൽ നിന്നു നിരീക്ഷിക്കാനുമാകും.

# പരിസ്ഥിതി ദുർബല പ്രദേശം: അടിസ്ഥാന രഹിതമായ ആശങ്കകൾ പ്രചരിപ്പിക്കരുതെന്ന് മന്ത്രി ഷിബു ബേബി ജോൺ

**കൊച്ചി:** പരിസ്ഥിതി ദുർബല പ്രദേശ വിജ്ഞാപനവുമായി ബന്ധപ്പെട്ട് അടിസ്ഥാന രഹിതമായ ആശങ്കകൾ പ്രചരിപ്പിക്കരുതെന്ന് വനം മന്ത്രി ഷിബു ബേബി ജോൺ.

അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എപികെ) എൺപത്തിയേഴാമത് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു വനംമന്ത്രി. ജനവാസ മേഖലയെ പൂർണമായും ഒഴിവാക്കുമെന്ന നിലപാടിൽ സർക്കാർ ഉറച്ച് നിൽക്കുന്നു. കഴിഞ്ഞ 6 വിജ്ഞാപനങ്ങൾ ഇറങ്ങിയപ്പോഴും ഇല്ലാതിരുന്ന ആശങ്ക ഏഴാമത് വിജ്ഞാപനം ഇറങ്ങിയപ്പോൾ എങ്ങനെ വന്നുവെന്നും മന്ത്രി ചോദിച്ചു. മൈനിംഗ് പാടില്ല, 20,000 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള ടൗൺഷിപ്പ് പാടില്ല, റെഡ് കാറ്റഗറി വ്യവസായങ്ങൾ പാടില്ല തുടങ്ങിയ 3 നിബന്ധനകൾ മാത്രമാണ് വിജ്ഞാപനത്തിലുള്ളത്. ഇതിൽ മൂന്നാമത്തേതിൽ മാത്രമാണ് നാല് ഉപവിഭാഗങ്ങളിൽ ജനവാസ മേഖലയെ കുറച്ചെങ്കിലും ബാധിക്കുന്നത്. അവരെ സംരക്ഷിക്കാൻ ഇവിടെ ഒരു സർക്കാരുണ്ട്. കാലാവസ്ഥാ വ്യതിയാനം ഭീതികരമായി വർധിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണം അവഗണിക്കാൻ കഴിയില്ല. മനുഷ്യ വന്യ ജീവി ഘർഷത്തിന് കാലാകാലങ്ങളായി മനുഷ്യർ ചെയ്ത ചില മണ്ടത്തരങ്ങളും കാരണമാണ്. വന്യമൃഗങ്ങളെ ആകർഷിക്കാൻ ഉപ്പ് വയ്ക്കുന്ന റിസോർട്ടുകൾ പോലുമുണ്ട്. മനുഷ്യ വന്യമൃഗ സംഘർഷം നേരിടാൻ സി എം സി നയം സർക്കാർ നടപ്പാക്കും. കണ്ടയ്ൻമെന്റ്, മിറ്റിഗേഷൻ, കോംപൻസേഷൻ എന്നതാണ് സർക്കാർ നയം. സ്വാഭാവിക വനം വീണ്ടെടുക്കാനും പുൽമേടുകൾ വച്ച് പിടിപ്പിക്കാനും വനാതിർത്തിയിൽ എഐ ടൂളുകൾ ഉപയോഗിച്ച് പ്രതിരോധ സംവിധാനം ഏർപ്പെടുത്താനുമാണ് സർക്കാർ ശ്രമിക്കുന്നത്. നഷ്ടപരിഹാരം ഗണ്യമായി വർധിപ്പിച്ച് സമയബന്ധിതമായി കർഷകർക്ക് കൈമാറും. വൈവിധ്യ വിള, മൂല്യവർധന, ടൂറിസം സാധ്യതകൾ എന്നിവയ്ക്ക് സർക്കാർ അനുകൂലമാണ്. ഇനി ഒരിഞ്ച് ഭൂമി പോലും സെക്ഷൻ 3 പ്രകാരം നഷ്ടപരിഹാരം നൽകാതെ ഏറ്റെടുക്കില്ലന്നും മന്ത്രി പ്രഖ്യാപിച്ചു.

കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ഉത്പാദന ചെലവ് വർധിക്കുകയാണെന്നും തൊഴിലാളികളുടെയോ കൂലിയുടെയോ മേൽ അധികഭാരം ചുമത്താതെ വൈവിധ്യവത്കരണത്തിലൂടെ ഇത് മറികണക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്ന് എപികെ ചെയർമാൻ ടി ആർ രാധാകൃഷ്ണൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. അഗ്രോ ഫോറസ്ട്രി, മൂല്യവര്ധന, ബ്രാൻഡിംഗ്, പ്ലാന്റേഷൻ ടൂറിസം എന്നിവയിലൂടെ പ്ലാന്റേഷൻ മേഖലയെ വളർച്ചയിലേക്ക് നയിക്കാൻ കഴിയും. പരിസ്ഥിതി ദുർബല പ്രദേശ വിജ്ഞാപനവും വരാനിരിക്കുന്ന ഭൂപരിഷ്കരണവും അടക്കമുള്ള ഭൂവിനിയോഗ കാര്യങ്ങളിൽ സർക്കാരുമായി ചർച്ചകൾ തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു. ഗൾഫ് മേഖലയുൾപ്പെടെയുള്ള പ്രധാന വിപണികളിലേക്ക് കൂടുതൽ സുരക്ഷിതവും വിശ്വസനീയവുമായ ലോജിസ്റ്റിക് മാർഗങ്ങൾ കണ്ടെത്തുന്നതിനെ കുറിച്ച് വ്യവസായ തലത്തിൽ തന്നെ തുറന്ന ചർച്ച ആവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.




ജെ.എസ്.ഡബ്ല്യു. എം.ജി. മോട്ടോർ ഇന്ത്യ എസ്യുവി മോഡലുകളായ ഹെക്ടർ ടോമഹോക്ക് ഇ.വി, ഹെക്ടർ ടോമഹോക്ക് പി.എച്ച്.ഇ.വി എന്നിവ കൊച്ചിയിൽ അവതരിപ്പിച്ചപ്പോൾ.

# ജെ.എസ്.ഡബ്ല്യു. എം.ജി. മോട്ടോർ ഹെക്ടർ ടോമഹോക്ക് ഇ.വി, പി.എച്ച്.ഇ.വി കൊച്ചിയിൽ അവതരിപ്പിച്ചു

**കൊച്ചി:** ജെ.എസ്.ഡബ്ല്യു. എം.ജി. മോട്ടോർ ഇന്ത്യ തങ്ങളുടെ അത്യാധുനിക എസ്യുവി മോഡലുകളായ 'ഹെക്ടർ ടോമഹോക്ക് ഇ.വി', 'ഹെക്ടർ ടോമഹോക്ക് പി.എച്ച്.ഇ.വി' എന്നിവ കൊച്ചിയിൽ അവതരിപ്പിച്ചു. രാജ്യത്തെ ആദ്യത്തെ മൾട്ടിന്യൂ എനർജി വെഹിക്കിൾ (എൻ.ഇ.വി) പ്ലാറ്റ്ഫോമായ 'അഡാപ്റ്റ്'ൽ നിർമ്മിച്ച ഈ വാഹനങ്ങൾ പരിസ്ഥിതി സൗഹൃദപരമായ ഡ്രൈവിംഗ് അനുഭവവും മികച്ച സാങ്കേതികവിദ്യയും വാഗ്ദാനം ചെയ്യുന്നു. കൊച്ചിയിലെ എം.ജി. ഷോറൂമിൽ നടന്ന ചടങ്ങിൽ ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ ബിജു ഐസക്, കമ്പനി സെയിൽസ് സോണൽ ഹെഡ് കണ്ണൻ ഗോപിനാഥ്, കോസ്റ്റ്ലൈൻ ഗാരേജസ് സി.ഇ.ഒ. അനിൽ സി. എന്നിവരുടെ സാന്നിധ്യത്തിലാണ് വാഹനം അനാച്ഛാദനം ചെയ്തത്. കേരളത്തിലെ അതിവേഗം വളരുന്ന ഇലക്ട്രിക് വാഹന വിപണിക്ക് പുതിയ ദിശാബോധം നൽകാനാണ് എം.ജി. ഈ മോഡലുകളിലൂടെ ലക്ഷ്യമിടുന്നത്.

ഒറ്റത്തവണ ചാർജ് ചെയ്താൽ 517 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയുന്ന 69.2 കിലോവാട്ട് അവറുള്ള 'മാജിക്' ബാറ്ററിയാണ് ഇ.വി. മോഡലിന്റെ പ്രധാന സവിശേഷത. വീടുകളിലേക്ക് ആവശ്യമായ വൈദ്യുതി നൽകാൻ സഹായിക്കുന്ന 'വെഹിക്കിൾടു ഹോം' (വി.ടു.എച്ച്) സാങ്കേതികവിദ്യയും ഇതിലുണ്ട്. പെട്രോൾ എഞ്ചിനും ഇലക്ട്രിക് മോട്ടോറും ഒന്നിപ്പിച്ച പി.എച്ച്.ഇ.വി. മോഡൽ ഫുൾ ടാങ്കിലും ഫുൾ ചാർജിലും 1,100 കിലോമീറ്ററിലധികം സംയോജിത റേഞ്ചും 115 കിലോമീറ്ററിലധികം പ്യുവർഇലക്ട്രിക് റേഞ്ചും വാഗ്ദാനം ചെയ്യുന്നു. 4,745 മില്ലീമീറ്റർ നീളവും 2,810 മില്ലീമീറ്റർ വീൽബേസുമുള്ള ഈ വാഹനം വിശാലമായ ഇന്റീരിയർ, 15.6ഇഞ്ച് എച്ച്.ഡി. ഡിസ്പ്ലേ, 30ലധികം 'ഹിംഗ്ലീഷ്' നിർദ്ദേശങ്ങൾ മനസ്സിലാക്കുന്ന ജെൻ എ.ഐ. വോയ്സ് അസിസ്റ്റന്റ്, ലെവൽ 2 അഡാസ് സുരക്ഷാ സംവിധാനം, 6 എയർബാഗുകൾ എന്നിവയാൽ സമ്പന്നമാണ്.

ഉപഭോക്താക്കൾക്ക് ഏറെ ആശ്വാസകരമായ 'ബാറ്ററിആസ്എസർവീസ്' (ബാസ്) പദ്ധതി പ്രകാരം ഹെക്ടർ ടോമഹോക്ക് ഇ.വി.ക്ക് 13.99 ലക്ഷം രൂപ ആമുഖ വിലയിലും കിലോമീറ്ററിന് 4.90 രൂപ ബാറ്ററി വാടക നിരക്കിലും ബുക്ക് ചെയ്യാം. പൂർണ്ണ വാഹന ഉടമസ്ഥതയിൽ ഇ.വി.യുടെ എക്സ്ഷോറൂം പ്രാരംഭ വില 19.49 ലക്ഷം രൂപയും ഉയർന്ന വേരിയന്റിന് 23.49 ലക്ഷം രൂപയുമാണ്. പി.എച്ച്.ഇ.വി. മോഡലിന് ബാസ് പദ്ധതിയിൽ 21.79 ലക്ഷം രൂപയും കിലോമീറ്ററിന് 3.20 രൂപ വാടകയുമാണ് നിരക്ക്; ഇതിന്റെ എക്സ്ഷോറൂം പ്രാരംഭ വില 25.69 ലക്ഷം രൂപയും ഉയർന്ന വേരിയന്റിന് 27.79 ലക്ഷം രൂപയുമാണ്. ആദ്യ ഉടമസ്ഥർക്ക് ലൈഫ്ടൈം ബാറ്ററി വാറന്റി നൽകുന്ന വാഹനത്തിന്റെ ഇ.വി. മോഡൽ വിതരണം 2026 സെപ്റ്റംബറിലും പി.എച്ച്.ഇ.വി. ഡെലിവറി നവംബറിലും ആരംഭിക്കും.

# രാജ്യത്തെ ക്യാൻസർ രോഗവിദഗ്ദ്ധർ ഒന്നിക്കുന്ന ആസ്റ്റർ ക്വാളിറ്റി കെയർ ക്യാൻസർ കോൺക്ലേവ് 2026 കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തുടനീളമുള്ള ക്യാൻസർ രോഗവിദഗ്ദ്ധർ പങ്കെടുക്കുന്ന ആസ്റ്റർ ക്വാളിറ്റി കെയർ ക്യാൻസർ കോൺക്ലേവ് (എക്യൂസിസിഎൻ) 2026 ഒക്ടോബർ 2 മുതൽ 4 വരെ കൊച്ചി ക്രൗൺ പ്ലാസയിൽ നടക്കും. ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സംഘടിപ്പിക്കുന്ന ഈ സമ്മേളനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നൂറിലധികം പ്രമുഖ ദേശീയ ഫാക്കൽറ്റി അംഗങ്ങളും പ്രതിനിധികളും ഭാഗമാകും. ആസ്റ്റർ, കെയർ ഹോസ്പിറ്റൽസ്, കിംസ് ഹെൽത്ത്, എവർകെയർ എന്നിവ ഒറ്റ സംയുക്ത ആരോഗ്യ സംരക്ഷണ സ്ഥാപനമായി കൈകോർക്കുന്ന ഈ പതിപ്പ് ആരോഗ്യ സംരക്ഷണ മേഖലയിൽ പ്രധാന മുന്നേറ്റമായിരിക്കും.




മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ ക്യാൻസർ പ്രതിരോധം, പ്രിസിഷൻ ഓങ്കോളജി, മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ്, സർജിക്കൽ, മെഡിക്കൽ, റേഡിയേഷൻ ഓങ്കോളജി, ഹെമറ്റോളജിക് മലിഗ്നൻസികൾ, ഇമ്യൂണോതെറാപ്പി, റിസർച്ച്, പാലിയേറ്റീവ് കെയർ, മൾട്ടിഡിസിപ്ലിനറി ക്യാൻസർ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലെ നൂതന മുന്നേറ്റങ്ങൾ ഉൾക്കൊള്ളുന്ന അറുപതിലധികം അക്കാദമിക് സെഷനുകൾ ഉണ്ടായിരിക്കും. മുഖ്യ പ്രഭാഷണങ്ങൾ, മൾട്ടിഡിസിപ്ലിനറി ട്യൂമർ ബോർഡുകൾ, വിദഗ്ധ പാനൽ ചർച്ചകൾ, കേസ് അധിഷ്ഠിത സംവാദങ്ങൾ, ക്ലിനിക്കൽ ഗവേഷണ അവതരണങ്ങൾ എന്നിവയും സമ്മേളനത്തിന്റെ ഭാഗമായി നടക്കും.

'ക്യാൻസർ പരിചരണ രംഗത്ത് പുത്തൻ ആശയങ്ങൾ പങ്കുവെക്കാനും നവീകരണങ്ങൾ കൊണ്ടുവരാനും, അതിലൂടെ രോഗികളുടെ പരിചരണവും ചികിത്സാഫലവും മെച്ചപ്പെടുത്താനുമായി വിദഗ്ധരെ ഒന്നിപ്പിക്കുകയാണ് ഈ കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്.' എക്യൂസിസിഎൻ 2026 ഓർഗനൈസിംഗ് സെക്രട്ടറിയും കൊച്ചി ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ ഓങ്കോളജിയിൽ സീനിയർ കൺസൾട്ടന്റുമായ ഡോ. അരുൺ ആർ. വാര്യർ പറഞ്ഞു.

'മെഡിക്കൽ, സർജിക്കൽ, റേഡിയേഷൻ, ഹെമറ്റോ ഓങ്കോളജിസ്റ്റുകൾ, പത്തോളജിസ്റ്റുകൾ, റേഡിയോളജിസ്റ്റുകൾ, ന്യൂക്ലിയർ മെഡിസിൻ ജെനോമിക് മെഡിസിൻ വിദഗ്ധർ, ഗവേഷകർ, ഫെലോകൾ, റസിഡന്റുമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, അനുബന്ധ ആരോഗ്യപ്രവർത്തകർ തുടങ്ങി ക്യാൻസർ പരിചരണ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരാൻ ആഗ്രഹിക്കുന്ന ധാരാളം ആളുകൾ ഈ സമ്മേളനത്തിന്റെ ഭാഗമാകും.' ഓർഗനൈസിംഗ് ചെയർപേഴ്സണും ആസ്റ്റർ മെഡ്സിറ്റിയിലെ ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ലീഡും സർജിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റുമായ ഡോ. ജെം കളത്തിൽ പറഞ്ഞു.

എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ ഡോ. ജെം കളത്തിലിനെ കൂടാതെ കൊച്ചി ആസ്റ്റർ മെഡ്സിറ്റി പാലിയേറ്റീവ് മെഡിസിൻ ആൻഡ് കമ്മ്യൂണിറ്റി ഓങ്കോളജി കൺസൾട്ടന്റ് ഡോ. വിനീത റിജ്ജു, ഓങ്കോളജി വിഭാഗം സീനിയർ കൗൺസിലർ സാജൻ ഫിലിപ്പ് എന്നിവരും പങ്കെടുത്തു.



**ലോക ഹൃദയദിനാചരണത്തിന്റെ ഭാഗമായി ആസ്റ്റർ മെഡ്സിറ്റിയിലെ ആസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയാക് സയൻസസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'കയാക്കത്തോൺ' സാമൂഹിക പ്രവർത്തക ധന്യ രവി ഫ്ളാഗ് ഓഫ് ചെയ്യുന്നു.**

# ലോക ഹൃദയദിനത്തിൽ വേറിട്ട കയാക്കത്തോൺ ബോധവൽക്കരണവുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക ഹൃദയദിനാചരണത്തിന്റെ ഭാഗമായി ആസ്റ്റർ മെഡ്സിറ്റിയിലെ ആസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയാക് സയൻസസിന്റെ നേതൃത്വത്തിൽ 'കയാക്കത്തോൺ' സംഘടിപ്പിച്ചു. ഹൃദയാരോഗ്യ ബോധവത്കരണത്തിന്റെ ഭാഗമായി ആസ്റ്റർ മെഡ്സിറ്റി ബോട്ട് ജെട്ടിയിൽ നടന്ന പരിപാടിയിൽ ഇരുനൂറോളം പേർ ഭാഗമായി. ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തക ധന്യ രവി ഹൃദയദിന സന്ദേശം നൽകുകയും കയാക്കത്തോൺ ഫ്ളാഗ് ഓഫ് ചെയ്യുകയും ചെയ്തു.

ഈ വർഷത്തെ ലോക ഹൃദയദിന ആശയമായ 'ഡോണ്ട് മിസ്സ് എ ബീറ്റ്' എന്നതിനോട് ചേർന്നുനിൽക്കുന്ന 'ഫ്ലോ വിത്ത് ദി ബീറ്റ്' പ്രമേയത്തിലാണ് കയാക്കത്തോൺ സംഘടിപ്പിച്ചത്. ശാരീരികമായി സജീവമായിരിക്കേണ്ടതിന്റെയും ഹൃദ്രോഗങ്ങൾ തടയുന്നതിന് കൃത്യസമയത്ത് പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം പരിപാടിയിലൂടെ നൽകി. ആസ്റ്റർ മെഡ്സിറ്റിയുടെ സാമൂഹിക ആരോഗ്യ പദ്ധതിയായ 'സ്പന്ദന'ത്തിന്റെ ഭാഗമായി സൗജന്യ ഇ.സി.ജി, ബിപി, ഷുഗർ പരിശോധന എന്നിവയും ചടങ്ങിനോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി ഒരുക്കിയിരുന്നു.

ഹൃദയാരോഗ്യം സംരക്ഷിക്കേണ്ടതിന്റെയും ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് ഖാദർ, സീനിയർ കൺസൾട്ടന്റും അഡ്വാൻസ്ഡ് ഹാർട്ട് വാൽവ് സെന്റർ ആൻഡ് ഇന്റർവെൻഷണൽ കാർഡിയോളജി ഡയറക്ടറുമായ ഡോ. രാജീവ് സി എന്നിവർ സംസാരിച്ചു.

# ഇന്ത്യ എനർജി വീക്ക് 2027ന് കൊൽക്കത്ത വേദിയാകും

**കൊച്ചി:** സുസ്ഥിര ഊർജ്ജ പരിവർത്തനത്തിലേക്കുള്ള രാജ്യത്തിന്റെ പ്രയാണത്തിന് പിന്തുണയേകുകയെന്ന ലക്ഷ്യത്തോടെ പൊതുമേഖലാ എണ്ണക്കമ്പനിയായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) സംഘടിപ്പിക്കുന്ന ഇന്ത്യ എനർജി വീക്ക് 2027ന് കൊൽക്കത്ത വേദിയാകും. 2027 ജനുവരി 28 മുതൽ 31വരെ നടക്കുന്ന സമ്മേളനത്തിൽ ആഗോള ഊർജ്ജ മേഖലയിലെ നയരൂപീകരണ വിദഗ്ധർ, ഊർജ്ജോല്പാദന കമ്പനികളുടെ മേധാവികൾ, നൂതന ആശയങ്ങൾ നടപ്പാക്കിയ സാങ്കേതിക വിദഗ്ധർ, വൻകിട നിക്ഷേപകർ, വ്യവസായ സംരംഭകർ എന്നിവർ പങ്കെടുക്കും. സമ്മേളത്തിനു മുന്നോടിയായി കൊച്ചി, ചെന്നൈ, ഭോപാൽ എന്നിവിടങ്ങളിൽ കർട്ടൻ റൈസർ സംഘടിപ്പിച്ചു. കൊച്ചി രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ്ങിൽ നടന്ന ചടങ്ങിൽ ബിപിസിഎൽ കൊച്ചി റിഫൈനറി എക്സിക്യുട്ടീവ് ഡയറക്ടർ ചാക്കോ എം ജോസ് അധ്യക്ഷത വഹിച്ചു. കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ സഹകരണത്തോടെ, 2023ൽ ബെംഗളൂരുവിൽ തുടക്കമിട്ട ഇന്ത്യ എനർജി വീക്കിന്റെ അഞ്ചാമത്തെ എഡിഷനാണ് കൊൽക്കത്തയിൽ അരങ്ങേറുന്നത്. അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന 75000ലധികം ഊർജ്ജ പ്രൊഫഷണലുകളും 700ലധികം പ്രദർശന സ്റ്റാളുകളും സമ്മേളത്തിന്റെ ഭാഗമായി പങ്കെടുക്കും. ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് എണ്ണവാതകം, എൽഎൻജി, റിഫൈനിങ്, പെട്രോകെമിക്കൽസ്, ഹൈഡ്രജൻ, ജൈവ ഇന്ധനം, പുനരുപയോഗ ഊർജ്ജം, സുസ്ഥിര വ്യോമയാന ഇന്ധനം, ഡിജിറ്റൽ സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിലെ പുതിയ സാധ്യതകൾ സമ്മേളനത്തിൽ ചർച്ചയാകും. ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന നിരക്കിൽ ശുദ്ധമായ ഊർജ്ജ സംവിധാനത്തിലേക്കുള്ള രാജ്യത്തിന്റെ പരിവർത്തനത്തിന് വിശാലമായ വേദിയൊരുക്കുകയാണ് ഇന്ത്യ എനർജി വീക്ക് 2027ലൂടെ ലക്ഷ്യമിടുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# യുവാക്കളുടെ നൂതനാശയങ്ങൾ സ്വീകരിക്കാൻ ഐഡിയാബോക്സ് വെബ്പോർട്ടൽ പുറത്തിറക്കി വ്യവസായമന്ത്രി

**തൃശ്ശൂർ:** യുവാക്കളുടെ നൂതനാശയങ്ങൾ സ്വീകരിക്കാനും അത് പാഴായിപ്പോകാതെ രേഖപ്പെടുത്താനും കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിൽ ഐഡിയാബോക്സ് പോർട്ടൽ പുറത്തിറക്കി. തൃശൂർ സഹൃദയ എൻജിനീയിംഗ് കോളേജിൽ കെ എസ് യുഎമ്മിന്റെ നേതൃത്വത്തിൽ നടന്ന ഐഇഡിസി (ഇനോവേഷൻ ആൻഡ് ഒൺട്രപ്രണർഷിപ്പ് ഡെവലപ്മന്റ് സെന്റർ) ഉച്ചകോടിയിൽ ഐടി വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടിയാണ് പോർട്ടൽ പുറത്തിറക്കിയത്.




ലോകോത്തരമായ ആശയങ്ങൾ പിറന്ന് വീണത് കാമ്പസുകളിലാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. കാമ്പസുകളിലെ ആശയങ്ങൾ പുറത്തുകൊണ്ടു വരാനുള്ള എല്ലാ പിന്തുണയും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകും. ജെൻസികൾക്കും സ്റ്റാർട്ടപ്പുകൾക്കും സർക്കാരിന്റെ ഭാഗത്ത് നിന്ന് വ്യക്തമായ പിന്തുണ വേണം. അതിനുള്ള വഴിയാണ് പുതിയ പോർട്ടൽ. ഐടി വിപ്ലവത്തിൽ നിന്ന് കേരളം ഒഴിവാക്കപ്പെടില്ല എന്ന ഉറപ്പ് നൽകുന്നതായും മന്ത്രി പറഞ്ഞു.

ഐഡിയാ ബോക്സ് എന്ന പുതിയ പോർട്ടലിൽ ആശയങ്ങൾ പങ്കുവയ്ക്കാനും അതിന്റെ പ്രവർത്തന പുരോഗതി അറിയാനുമുള്ള സംവിധാനമുണ്ടാകും(https://idea-box.startupmission.in/). സ്റ്റാർട്ടപ്പ് മിഷൻ അവതരിപ്പിക്കുന്ന യൂണിഫൈഡ് സ്റ്റാർട്ടപ്പ് പോർട്ടലും ഡാഷ്ബോർഡും മന്ത്രി പുറത്തിറക്കി. ഇതിനു പുറമെ ഹൈക്കോൺ ഇനോവേഷൻ ചലഞ്ചും മന്ത്രി ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ മികച്ച നൈപുണ്യസർഗ്ഗാത്മക ശേഷികൾ പൂർണമായും പ്രയോജനപ്പെടുത്തണമെന്ന് ഉച്ചകോടിയിൽ സംസാരിച്ച ഐടി സെക്രട്ടറി സീറാം സാംബശിവറാവു പറഞ്ഞു. അതിനു വേണ്ടി സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ വികേന്ദ്രീകരിക്കാൻ മന്ത്രി നിർദ്ദേശം നൽകിയിരുന്നു. ഐടിയ്ക്ക് പുറമേ വിജ്ഞാന സമ്പദ് വ്യവസ്ഥയെക്കൂടി പ്രോത്സാഹിപ്പിക്കണം. ഗവേഷണം, നൂതനത്വം, സംരംഭകത്വം എന്നിവയിലധിഷ്ഠിതമായിട്ടാണ് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ മുന്നോട്ടു പോകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ലോകത്തിന് വേണ്ടിയുള്ള സാങ്കേതിക ഉത്പന്നങ്ങൾ കേരളത്തിൽ ഉത്പാദിപ്പിക്കാനാകണമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുകയെന്നതാണ് സ്റ്റാർട്ടപ്പ് മിഷന്റെ പ്രാഥമികമായ ലക്ഷ്യം. നൂതനാശയങ്ങൾ ഉത്പന്നങ്ങളാക്കി മാറ്റാനുള്ള വെബ്സൈറ്റിനാണ് തുടക്കമാകുന്നത്. സാങ്കേതികപരിജ്ഞാനം ഉള്ളയാൾക്കും ഇല്ലാത്തവർക്കും ആശയങ്ങൾ അവതരിപ്പിക്കാനും അത് ഉത്പന്നമാക്കി പരിണമിപ്പിക്കാനുമുള്ള സംവിധാനമാണ് ഇതിലൂടെ ഉണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ചാലക്കുടി എംഎൽഎ ടി ജെ സനീഷ് കുമാർ, ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ്, ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, കോളേജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി പ്രിൻസിപ്പൽ രാംകുമാർ എസ്, കേരള ഇഡിസി ഉച്ചകോടി സംയോജകൻ ജിബിൻ ജോസ് തുടങ്ങിയവർ പങ്കെടുത്തു.

'ഇനോവേഷൻ ബിയോണ്ട് ദ ഫ്യൂച്ചർ' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സംഗമത്തിൽ അയ്യായിരത്തിലധികം യുവ പ്രതിഭകളും വിദ്യാർത്ഥികളും സംരംഭകരും നിക്ഷേപകരും വ്യവസായ പ്രമുഖരും പങ്കെടുത്തു.

കേരളത്തിലെ 14 ജില്ലകളിലെ 14 ക്ലസ്റ്ററുകളിലായി പ്രവർത്തിക്കുന്ന 601 ഐഇഡിസികൾ, 1,000ലധികം നോഡൽ ഓഫീസർമാർ, 4,000ലധികം സ്റ്റുഡന്റ് ലീഡുകൾ, 250ലധികം സ്റ്റാർട്ടപ്പുകൾ, 5,000ലധികം പുതിയ ആശയങ്ങൾ തുടങ്ങിയവയുടെ ഒത്തു ചേരലാണ് ഉച്ചകോടിയിലൂടെ നടന്നത്.വിവിധ മേഖലകളിൽ നിന്നുള്ള എഴുപതിലധികം വിദഗ്ധരും പരിപാടിയിൽ സംസാരിച്ചു.

# ഐഇഡിസി ഉച്ചകോടി സ്റ്റാർട്ടപ്പ് എക്സ്പോയിൽ ശ്രദ്ധേയമായി വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ

**തൃശ്ശൂർ:** ആരോഗ്യപരിപാലനം, ക്യാമ്പസ് സേവനങ്ങൾ, കൃഷി, നാവിഗേഷൻ തുടങ്ങിയ മേഖലകളിലെ പ്രായോഗിക വെല്ലുവിളികൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾക്ക് സ്റ്റാർട്ടപ്പ് എക്സ്പോയിൽ ഐഇഡിസി ഉച്ചകോടി 2026ലെ സ്റ്റാർട്ടപ്പ് എക്സ്പോ. കേരള സ്റ്റാർട്ടും മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വിദ്യാർത്ഥി,യുവജന സംരംഭകത്വ സംഗമങ്ങളിലൊന്നായ ഈ ഉച്ചകോടിയിൽ, സംസ്ഥാനത്തെ വിവിധ എൻജിനീയറിങ് കോളേജുകളിലെ വിദ്യാർത്ഥികൾ വികസിപ്പിച്ചെടുത്ത ആശയങ്ങളും മാതൃകകളുമാണ് പ്രദർശിപ്പിച്ചത്. തൃശ്ശൂർ സഹൃദയ എൻജിനീയറിംഗ് ആൻഡ് ടെക്നോളജി കോളജിൽ ആയിരുന്നു ഐഇഡിസി ഉച്ചകോടി




യു.കെ.എഫ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ വികസിപ്പിച്ച 'ക്യാമ്പസ് മിത്ര' എന്ന വഴികാട്ടി സംവിധാനം എക്സ്പോയിൽ ശ്രദ്ധ നേടി. ഗൂഗിൾ മാപ്പ് അധിഷ്ഠിതമായി ക്യാമ്പസിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, അഡ്മിഷൻ വിവരങ്ങൾ തുടങ്ങിയവ സന്ദർശകർക്ക് എളുപ്പത്തിൽ കണ്ടെത്താൻ സഹായിക്കുന്ന ഈ സംവിധാനത്തിൽ, ശബ്ദ നിർദ്ദേശങ്ങളിലൂടെ ആശയവിനിമയം നടത്തുന്ന 'ലില്ലി' എന്ന റോബോട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ച് രൂപ നാണയം നിക്ഷേപിച്ചാൽ സാനിറ്ററി പാഡ് ലഭ്യമാകുന്ന വെൻഡിങ് മെഷീനും ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ടെന്ന് ക്യാമ്പസ് മിത്ര ടീമംഗം അക്ഷയ് അനിൽ വ്യക്തമാക്കി.

ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് ഓഫ് എൻജിനീയറിങ് വിദ്യാർത്ഥികൾ തയ്യാറാക്കിയ 'ക്യാമ്പസ് കോമ്പസ്' എന്ന നാവിഗേഷൻ സംവിധാനം വലിയ ക്യാമ്പസുകളിൽ കൃത്യമായ ദിശാസൂചനകൾ നൽകാൻ സഹായിക്കുന്നതാണെന്ന് ടീമംഗം മരിയ ഷിജു ചൂണ്ടിക്കാട്ടി. ഐഇഡിസി ഉച്ചകോടിയുടെ മൊബൈൽ ആപ്പുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന ഈ സംവിധാനം വഴി വേദി, സമയം, ഫുഡ് കോർട്ട്, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ വേഗത്തിൽ ലഭ്യമാകും.

ആരോഗ്യ സംരക്ഷണ രംഗത്തെ ശ്രദ്ധേയമായ കണ്ടുപിടുത്തങ്ങളും എക്സ്പോയിൽ ഇടംപിടിച്ചു. കൊടകര സഹൃദയ കോളേജ് വിദ്യാർത്ഥികളുടെ 'ലൈഫോറ ഡയഗ്നോസിസ്' എന്ന സംരംഭം പെരിറ്റോണിയൽ ഡയാലിസിസ് നിരീക്ഷിക്കാനുള്ള നൂതന ഉപകരണം അവതരിപ്പിച്ചു. ഡയാലിസിസ് ദ്രാവകത്തിന്റെ ടർബിഡിറ്റി, പിഎച്ച്, ഒഴുക്ക് എന്നിവ അളന്ന് വിവരങ്ങൾ ക്ലൗഡിലേക്ക് അയക്കുന്നതിലൂടെ ഡോക്ടർമാർക്ക് മറ്റ് സ്ഥലങ്ങളിൽ ഇരുന്നും അണുബാധയുടെ സാധ്യതകൾ കണ്ടെത്താനാകുമെന്ന് ടീമംഗം പി. ഐശ്വര്യ പറഞ്ഞു. ശ്വാസതടസ്സം നേരിടുന്ന നവജാതശിശുക്കൾക്കായുള്ള ബബിൾ സിപാപ് ഉപകരണങ്ങളും ഹൈഫ്ലോ നേസൽ കാൻയുല തെറാപ്പിക്ക് ആവശ്യമായ ഉപകരണങ്ങളുമാണ് 'ഹെക ഫ്ലോ' എന്ന സ്റ്റാർട്ടപ്പ് പ്രദർശിപ്പിച്ചത്.

കൃഷി, ഉപഭോക്തൃ ഉൽപ്പന്ന മേഖലയിൽ തൃശ്ശൂർ കൊരട്ടിയിൽ നിന്നുള്ള 'ആഡംസ് മഷ്റൂംസ്' അവതരിപ്പിച്ച 'ഗ്രോ ദി ഫംഗൈ' എന്ന സംരംഭവും സന്ദർശകരെ ആകർഷിച്ചു. ഫ്രഷ് കൂണുകൾ, കൂൺ പൊടി, ടിങ്ചർ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പുറമെ, കൃഷിക്ക് ആവശ്യമായ വിത്ത്, പെല്ലറ്റ്, കവറുകൾ എന്നിവയും പുതിയ കർഷകർക്കായി കൂൺ കൃഷി മുറികൾ സജ്ജീകരിക്കുന്നതിനുള്ള സാങ്കേതിക സഹായവും നൽകിവരുന്നതായി ടീമംഗം ശ്രീലക്ഷ്മി സി.എസ് വ്യക്തമാക്കി.

ഡിജിറ്റൽ സേവനങ്ങൾ, ആരോഗ്യ സാങ്കേതികവിദ്യ, കൃഷി എന്നീ വൈവിധ്യമാർന്ന മേഖലകളിൽ ഐഇഡിസി ആവാസവ്യവസ്ഥയിലൂടെ ഉയർന്നുവരുന്ന വിദ്യാർത്ഥികളുടെ ശേഷി തെളിയിക്കുന്നതായിരുന്നു എക്സ്പോയിലെ പ്രദർശനങ്ങൾ.

വിദ്യാർത്ഥി ഇന്നൊവേറ്റർമാർ, വളർന്നുവരുന്ന സംരംഭകർ, മെന്റർമാർ, വ്യവസായ പ്രമുഖർ എന്നിവരെ ഒരൊറ്റ വേദിയിൽ അണിനിരത്തിക്കൊണ്ട് കൊടകര സഹൃദയ എൻജിനീയറിങ് കോളേജിൽ രണ്ടു ദിവസങ്ങളിലായി നടക്കുന്ന ഐഇഡിസി ഉച്ചകോടിയുടെ പ്രധാന ആകർഷണമായി സ്റ്റാർട്ടപ്പ് എക്സ്പോ മാറിയിട്ടുണ്ട്.




# 9 ലക്ഷം ചതുരശ്ര അടിയിലായി ഹൈലൈറ്റ് ഗ്രൂപ്പിന്റെ സൈബർ ടവർ

**കോഴിക്കോട്:** മലബാറിന്റെ ഐടി മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് വഴിതുറക്കുന്ന ഹൈലൈറ്റ് ഗ്രൂപ്പിന്റെ പുതിയ ഐടി സംരംഭമായ 'ഹൈലൈറ്റ് സൈബർ ടവർ' കോഴിക്കോട്ട് ഉയരുന്നു. 2.5 ഏക്കറിൽ 9 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന ഈ ഗ്രേഡ് എ കെട്ടിടത്തിന്റെ തറക്കല്ലിടൽ ഒക്ടോബർ 3ന് കോഴിക്കോട് സൈബർപാർക്കിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവ്വഹിക്കും.

അടുത്ത വർഷങ്ങൾക്കുള്ളിൽ 12 ദശലക്ഷം ചതുരശ്ര അടി ഓഫീസ് സ്പേസ് വികസിപ്പിക്കാനുള്ള ഹൈലൈറ്റ് ഗ്രൂപ്പിന്റെ പദ്ധതിയുടെ ഭാഗമാണ് ഈ സൈബർ ടവർ.

600 കോടി രൂപയുടെ നിക്ഷേപത്തിൽ നിർമ്മിക്കുന്ന ഈ ടവർ, ബഹുരാഷ്ട്ര കമ്പനികൾ, സ്റ്റാർട്ടപ്പുകൾ, ഗവേഷണവികസന കേന്ദ്രങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ അത്യാധുനിക ഐടി അടിസ്ഥാനസൗകര്യ സമുച്ചയമായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. റിയൽ എസ്റ്റേറ്റ്, സാങ്കേതിക മേഖലകളിൽ മലബാറിന്, പ്രത്യേകിച്ച് കോഴിക്കോടിന്, മികച്ച മുന്നേറ്റം നൽകുന്നതിനൊപ്പം പതിനായിരത്തിലധികം നേരിട്ടുള്ള ഐടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, തദ്ദേശീയമായ സാമൂഹിക സാമ്പത്തിക വളർച്ചയെ വേഗത്തിലാക്കാനും ഈ പദ്ധതി സഹായിക്കും.

'മലബാറിന്റെ പ്രാദേശിക സാമ്പത്തിക വളർച്ചയെ ശക്തിപ്പെടുത്തുന്നതിൽ ഹൈലൈറ്റ് ഗ്രൂപ്പിനുള്ള പ്രതിബദ്ധതയുടെ തെളിവാണ് ഈ പദ്ധതി. നമ്മുടെ പ്രഗത്ഭരായ യുവാക്കൾക്ക് സ്വന്തം നാട്ടിൽ തന്നെ ജോലി ചെയ്യാനും വളരാനും തിളങ്ങാനുമുള്ള സാധ്യതകളും അവസരങ്ങളും ഒരുക്കുക എന്നതാണ് ഹൈലൈറ്റ് സൈബർ ടവറിലൂടെ ലക്ഷ്യമിടുന്നത്. ഒപ്പം തൊഴിലവസരങ്ങൾക്കും സംരംഭകത്വത്തിനും പുതിയ വഴികൾ തുറക്കുകയും ചെയ്യുന്നു.' ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ് പറഞ്ഞു.

'വാണിജ്യ ആവശ്യങ്ങൾക്കുള്ള ഇടങ്ങളുടെ ആവശ്യം വർധിച്ചുവരുന്ന സാഹചര്യത്തിൽ, പദ്ധതി പൂർത്തിയാകുന്നതിന് മുമ്പ് തന്നെ സ്പേസ് പൂർണ്ണമായും ലീസ് നൽകാൻ കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.' അദ്ദേഹം കൂട്ടിച്ചേർത്തു.

കർശനമായ ഹരിത മാനദണ്ഡങ്ങൾ പാലിച്ചാണ് ഈ ഗ്രേഡ് എ കെട്ടിടം രൂപകൽപ്പന ചെയ്തിരിക്കുന്നത്. നൂതനവും സുസ്ഥിരവും ഊർജ്ജക്ഷമതയുമുള്ള അടിസ്ഥാനസൗകര്യങ്ങൾക്ക് മുൻഗണന നൽകി നിർമ്മിക്കുന്ന ഹൈലൈറ്റ് സൈബർ ടവർ, ആഗോള സഹകരണം, നവ ആശയങ്ങൾ, ഡിജിറ്റൽ പരിവർത്തനം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന മാറ്റങ്ങൾക്ക് അനുയോജ്യമായ തൊഴിലിടങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്.

ചടങ്ങിൽ വ്യവസായ, ഐടി, എഐ വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, റവന്യൂ വകുപ്പ് മന്ത്രി എ. പി. അനിൽ കുമാർ, എംപി എം. കെ. രാഘവൻ, കോഴിക്കോട് കോർപ്പറേഷൻ മേയർ ഒ. സദാശിവൻ, എംഎൽഎയും ഡിസിസി പ്രസിഡന്റുമായ കെ. പ്രവീൺ കുമാർ, എംഎൽഎമാരായ എം. എ. റസാഖ് മാസ്റ്റർ, ഫൈസൽ ബാബു, കെ. ജയന്ത്, പി.എം.എ. സമീർ തുടങ്ങി രാഷ്ട്രീയസാമൂഹിക രംഗത്തെ പ്രമുഖർ പങ്കെടുക്കും.

കോഴിക്കോട്ട് നടന്ന വാർത്താസമ്മേളനത്തിൽ ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ്, ഹൈലൈറ്റ് ബിൽഡേഴ്സ് സിഇഒ മുഹമ്മദ് ഫസീം, ഹൈലൈറ്റ് ഹോൾഡിങ്സ് ഡയറക്ടർ നിമ സുലൈമാൻ, ഹൈലൈറ്റ് ഓഫീസ് പാർക്സ് എക്സിക്യൂട്ടീവ് മേധാവി ഹാനു ഷെൽക്ക് , ഹൈലൈറ്റ് ഹോൾഡിങ്സ് കോർപ്പറേറ്റ് ഹെഡ് സോണൽ സതീഷ് എന്നിവർ സംബന്ധിച്ചു.

# സാംസങ് സോൾവ് ഫോർ ടുമാറോയുടെ മികച്ച ഇരുപതിൽ ഇടംനേടി തമിഴ്നാട്ടിലെ വിദ്യാർത്ഥികൾ

**കൊച്ചി:** തമിഴ്നാട്ടിലെ വിവിധ കോളേജുകളിൽ നിന്നുള്ള ഒമ്പത് യുവ നവോത്ഥാന പ്രവർത്തകർ തങ്ങളുടെ നൂതന ആശയങ്ങളിലൂടെ സാംസങ് സോൾവ് ഫോർ ടുമാറോ രണ്ടായിരത്തി ഇരുപത്തിയാറിന്റെ മികച്ച ഇരുപതിൽ ഇടംനേടി. ഫോർ പെർസെന്റേജ്, ജാർവിസ്, റോഗ് എന്നീ മൂന്ന് ടീമുകളാണ് തൊഴിലാളികൾ, യാത്രക്കാർ, ചലനശേഷി സംബന്ധമായ ബുദ്ധിമുട്ടുകൾ നേരിടുന്നവർ എന്നിവർക്കായി കൃത്രിമബുദ്ധി, സെൻസറുകൾ, ധരിക്കാവുന്ന സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് പുതിയ പരിഹാരങ്ങൾ കണ്ടെത്തിയിരിക്കുന്നത്. ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഈ പ്രോജക്റ്റുകൾക്ക് പിന്തുണയുമായി സാംസങ്ങും ദില്ലി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഫൗണ്ടേഷൻ ഫോർ ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫറും രംഗത്തുണ്ട്.




കോയമ്പത്തൂർ ആസ്ഥാനമായുള്ള ഫോർ പെർസെന്റേജ് ടീം ഫാക്ടറി തൊഴിലാളികൾക്ക് സമയ നഷ്ടമില്ലാതെ വാട്സാപ്പ് വഴി ചെറിയ പഠന വീഡിയോകൾ ലഭ്യമാക്കുന്ന മൈക്രോ ലേണിംഗ് കൃത്രിമബുദ്ധി സംവിധാനമാണ് വികസിപ്പിച്ചത്. ചെന്നൈ ആസ്ഥാനമായുള്ള ജാർവിസ് ടീം യാത്രക്കാർക്ക് കുഴികളും വെള്ളക്കെട്ടുകളും മുന്നേകൂട്ടി അറിയാൻ സഹായിക്കുന്ന സേഫ്പാത്ത് കൃത്രിമബുദ്ധി പ്ലാറ്റ്ഫോം അവതരിപ്പിച്ചു. മറ്റൊരു ചെന്നൈ ടീമായ റോഗ് പാർക്കിൻസൺസ് രോഗബാധിതർക്ക് അനിയന്ത്രിതമായ വിറയൽ നിയന്ത്രിക്കാനും സാധാരണ ജീവിതം നയിക്കാൻ സഹായിക്കുന്ന ന്യൂറോസ്ട്രെഡ് എന്ന ധരിക്കാവുന്ന കൃത്രിമബുദ്ധി ഉപകരണം യാഥാർത്ഥ്യമാക്കുന്നു. ഈ മത്സരത്തിൽ മികച്ച ഇരുപതിൽ ഇടംനേടിയ ഓരോ ടീമിനും പ്രോട്ടോടൈപ്പ് വികസനത്തിനായി ഒരു ലക്ഷം രൂപയും ഒരു സാംസങ് ഗാലക്സി ഇസഡ് ഫ്ലിപ്പ് സ്മാർട്ട് ഫോണും ലഭിക്കും. കൂടാതെ, വിദഗ്ധരിൽ നിന്ന് തുടർച്ചയായ മെന്റർഷിപ്പും ബിസിനസ് തന്ത്രങ്ങളെക്കുറിച്ചുള്ള പരിശീലനവും ഐ ഐ ടി ഡില്ലി മുഖേന ലഭിക്കുന്നതാണ്. ഇതിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന നാല് വിജയി ടീമുകൾക്ക് ആകെ രണ്ട് കോടി രൂപയുടെ ഇൻക്യൂബേഷൻ ഗ്രാന്റുകളും ലഭിക്കും.

# ഓഗ്മോണ്ടിനെ പ്രധാന പങ്കാളിയായി എൻഎസ്ഇ തിരഞ്ഞെടുത്തു

**മുംബൈ:** ഓഗ്മോണ്ട് എന്റർപ്രൈസസ് ലിമിറ്റഡിന്റെ ഉപസ്ഥാപനമായ ഓഗ്മോണ്ട് ഗോൾഡ് ടെക് പ്രൈവറ്റ് ലിമിറ്റഡിനെ, ഇലക്ട്രോണിക് ഗോൾഡ് റെസീപ്റ്റുകൾ (ഇജിആർ) പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രധാന പങ്കാളിയായി നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡ് തിരഞ്ഞെടുത്തു. ഇജിആർകൾ സൃഷ്ടിക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും, അവയുടെ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഇന്ത്യയുടെ സ്വർണ്ണ അധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയെ  കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി രൂപകൽപ്പന ചെയ്ത ഒരു തന്ത്രപരമായ പങ്കാളിത്തമാണിത്.

ഈ പങ്കാളിത്തത്തിലൂടെ, ഡിജിറ്റൽ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സ്വർണ്ണ മൂല്യശൃംഖലയിലുടനീളമുള്ള തങ്ങളുടെ വിപുലമായ അനുഭവം ഓഗ്മോണ്ട് പ്രയോജനപ്പെടുത്തും; ഒപ്പം, ഇജിആർ ഉൽപ്പന്നത്തിന്റെ വികസനത്തിന് ആവശ്യമായ സാങ്കേതികവും പ്രായോഗികവുമായ പിന്തുണയും അവർ നൽകും. നിയന്ത്രിത സംവിധാനത്തിനുള്ളിൽ ഭൗതിക സ്വർണ്ണത്തെ ഇജിആർ കളിലേക്കും, ഇജിആർകളെ തിരികെ ഭൗതിക സ്വർണ്ണത്തിലേക്കും തടസ്സമില്ലാതെ മാറ്റുന്നത് സാധ്യമാക്കാൻ ഈ പങ്കാളിത്തം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇജിആർ ഭൗതിക സ്വർണ്ണത്തിൻറെ ഉടമസ്ഥാവകാശത്തെ പ്രതിനിധീകരിക്കുന്ന ഡീമെറ്റീരിയലൈസ്ഡ് സെക്യൂരിറ്റികളാണ്, ഇവ സെബി അംഗീകൃത വാൾട്ടുകളിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ഡിപ്പോസിറ്ററികൾ വഴി ഇലക്ട്രോണിക് രീതിയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഓരോ ഇജിആർ ഉം ഭൗതിക സ്വർണ്ണത്താൽ പൂർണ്ണമായും പിന്തുണയ്ക്കപ്പെടുന്നു, കൂടാതെ എക്സ്ചേഞ്ചിൽ വ്യാപാരം ചെയ്യാവുന്നതാണ്, ഇത് സ്വർണ്ണത്തെ ഔപചാരിക സാമ്പത്തിക സംവിധാനത്തിലേക്ക്തടസ്സമില്ലാതെ സംയോജിപ്പിക്കാൻ അനുവദിക്കുന്നു.

ഈ പങ്കാളിത്തത്തിലൂടെ, സ്വർണ്ണ വ്യാപാരത്തിനായി ശക്തവും സുതാര്യവുമായ ഒരു ആവാസവ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്താൻ  എൻഎസ്ഇ ലക്ഷ്യമിടുന്നു. ഇതിലൂടെ കാര്യക്ഷമമായ വില നിർണ്ണയം, മെച്ചപ്പെട്ട വിപണി പങ്കാളിത്തം, കൂടാതെ ജ്വല്ലറി ഉടമകൾ, റിഫൈനർമാർ, വ്യാപാരികൾ, സ്ഥാപന നിക്ഷേപകർ തുടങ്ങി വിവിധ പങ്കാളികൾക്കിടയിൽ വർദ്ധിച്ച വിശ്വാസ്യത എന്നിവ ഉറപ്പാക്കാൻ സാധിക്കും.




# ഏഐ+ പുതിയ ഡിവൈസുകൾ അവതരിപ്പിച്ചു

**കൊച്ചി:** ദീപാവലി ഷോപ്പിംഗ് സീസണിന് മുന്നോടിയായി ഏഐ+ സ്മാർട്ട്ഫോൺ മൂന്ന് പുതിയ ഡിവൈസുകൾ അവതരിപ്പിച്ചു. പൾസ് 2 എഫ്ഇ സ്മാർട്ട്ഫോൺ, നോവാടാബ് 5ജി ടാബ്ലറ്റ്, നോവാ ലാപ്ടാബ് എന്നിവയാണ് പുതിയ ഉൽപ്പന്നങ്ങൾ. ആദ്യമായി സ്മാർട്ട്ഫോൺ വാങ്ങുന്നവർ, വിദ്യാർഥികൾ, വിനോദത്തിനും ഉൽപ്പാദനക്ഷമതയ്ക്കുമായി വലിയ സ്ക്രീൻ തേടുന്നവർ എന്നിവരെ ലക്ഷ്യമിട്ടാണ് പുതിയ ഡിവൈസുകൾ അവതരിപ്പിച്ചിരിക്കുന്നത്. ആൻഡ്രോയിഡ് 16, എൻഎക്സ്ടിക്യു ഒഎസ്, ഉയർന്ന റിഫ്രഷ് റേറ്റ് ഡിസ്പ്ലേ, വലിയ ബാറ്ററി എന്നിവയാണ് പ്രധാന സവിശേഷതകൾ. പൾസ് 2 എഫ്ഇയുടെ വില 9,999 രൂപ മുതലാണ്. നോവാടാബ് 5ജിയ്ക്ക് 17,999 രൂപ മുതലും നോവാ ലാപ്ടാബിന് 24,999 രൂപ മുതലുമാണ് വില. മൂന്ന് ഡിവൈസുകളും ഒക്ടോബർ 7 രാത്രി 11.59 മുതൽ ഫ്ലിപ്കാർട്ടിൽ വിൽപ്പനയ്ക്കെത്തും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com